FRIDAY 24/04/2026 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/04/2026

1. കേരള കാർഷിക സർവകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിലെ അലങ്കാര സസ്യകൃഷി വിഭാഗത്തിൽ വിവിധ മുന്തിയ ഇനം അലങ്കാര ചെടികൾ മിതമായ വിലയിൽ വില്പനയ്ക്ക് ഒരുക്കിയിട്ടുണ്ട്. വീടുകളും തോട്ടങ്ങളും മനോഹരമാക്കാൻ അനുയോജ്യമായ പൂച്ചെടികൾ, ഇലച്ചെടികൾ, സക്കുലന്റുകൾ, ഇൻഡോർ സസ്യങ്ങൾ എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന ശേഖരം ഇവിടെ ലഭ്യമാണ്. വിൽപ്പനയ്ക്ക് ഒരുക്കിയിരിക്കുന്ന പ്രധാന ഇനങ്ങളിൽ ചെമ്പരത്തി വകഭേദങ്ങൾ (മുളക്ചെമ്പരത്തി ഉൾപ്പെടെ),വിവിധ തരം ആമ്പലുകൾ,തെച്ചി ഇനങ്ങൾ , ക്രോട്ടണുകൾ, മുല്ല ഇനങ്ങൾ, മോർണിംഗ് ഗ്ലോറി, പെന്റാസ്, പാസിഫ്ലോറ, മണിമുല്ല, നന്തിയാർവട്ടം (മിനിയേച്ചർ), മുരായ, പോർട്ടുലാക്ക, വാട്ടർ റോസ്, ഗ്ലൈലാഡിയ, ഹൈബ്രിഡ് സിന്നിയ, ഹൈബ്രിഡ് സെലോസിയ, വാടാർമല്ലി, ലില്ലി എന്നിവ ഉൾപ്പെടുന്നു.ഇതിനുപുറമെ ഫിലോഡെൻഡ്രോൺ, മോൺസ്റ്റെറ, സിങ്കോണിയം, അലോക്കേഷ്യ, ഷെഫ്ലെറ, മോണ്ടോ ഗ്രാസ് , ഏഞ്ചൽ വിംഗ് കാലാഡിയം, അരേലിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇനങ്ങൾ, അഗ്ലോണിമ, കാക്ടസ്, സക്കുലന്റുകൾ, സാൻസ്‌വേരിയ സാൻസ്‌വേറിയ ഇനങ്ങൾ, ZZ ചെടി, പെപ്പറോമിയ, കാലേഡിയം,മണി പ്ലാന്റ്സ് , ഡ്രസീന ഇനങ്ങൾ, ബ്രോമീലിയാഡുൾ, ഫേണുകൾ എന്നിവയും ലഭ്യമാണ്.കൂടാതെ വെള്ളുത്തള്ളി വള്ളി, ക്ളീറോഡെൻഡ്രം , ഗോൾഡൻ ക്രീപ്പർ , ക്രീപ്പിങ് മോൺസ്റ്റെറ, പീസ് ലില്ലി, പെഡിലാന്തസ് ഇനങ്ങൾ, വൈൽഡ് ആന്തൂറിയം, ചൈനീസ് ബാൽസം, അഡീനിയം, പ്ലൂമേറിയ, ഗോൾഡൻ ഡെന്സ്മോഡിയം, പെടിയ, സ്യൂഡെറാ ന്തിമം ഇനങ്ങൾ തുടങ്ങിയവയും ശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. **ഫോൺ: +91 8547154010, +91 96075 85594.**

2. കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെൻറർ കഴക്കൂട്ടത്ത് 20 രൂപ നിരക്കിൽ നേന്ത്രൻ, മഞ്ചേരി നേന്ത്രൻ, യങ്കാമ്പി ടിഷ്യു കൾച്ചർ വാഴ തൈകൾ ലഭ്യമാണ്. വാഴ തൈകൾക്കായി 9383470292 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറികളായ മുളക്, വെണ്ട. വഴുതന പാവയ്ക്ക. കുമ്പളം, പടവലം. പയർ. ചീര മത്തൻ എന്നിവയുടെ വിത്തുകളും ജൈവ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, അയർ, പച്ചക്കറിയിലും നെല്ലിലും ഉപയോഗിക്കുന്ന സമ്പൂർണ്ണ. ട്രൈക്കോഡർമ സമ്പുഷ്ടികരിച്ച ചാണക വളം. ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ടം. സമ്പുഷ്ടീകരിച്ച ചകിരിച്ചോറ് കമ്പോസ്റ്റ്, വെർമിക്കമ്പോസ്റ്റ്, പച്ചക്കറി തൈകൾ ആയ ക്യാബേജ് കോളിഫ്ലവർ ബ്രോക്കോളി, മുളക്, വഴുതന, തക്കാളി എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും നിർമാണം എന്ന വിഷയത്തിൽ ഈ മാസം 27ന് രാവിലെ ഒമ്പതു മുതൽ വെള്ളായണി കാർഷിക കോളജിലെ സെന്റർ ഫോർ അഗ്രിക്കൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിൽ പരിശീലന പരിപാടി സംഘടിപ്പിക്കും. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാത്രമാണ് അവസരം. പരിശീലന ഫീസ് 500 രൂപ. . രജിസ്റ്റർ ചെയ്യാനും കൂടുതൽ വിവരങ്ങൾക്കുമായി 8891540778 എന്ന വാട്സ്ആപ് നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റര് ഫോര് ഇ-ലേണിംഗ്) "Soil Health Management" എന്ന **ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.** ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാര്ക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവര് www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2026 മെയ് 15. 2026- ജൂൺ 15 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതല് വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയില് ആയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

6. ഇഞ്ചി, മഞ്ഞൾ – വിത്തിനായി സൂക്ഷിച്ച വച്ചിരിക്കുന്ന ഇഞ്ചി, മഞ്ഞൾ എന്നിവയിൽ കേടു ള്ളവ തിരിഞ്ഞു മാറ്റണം. ഏപ്രിൽ മാസം അവസാനം, മെയ് മാസം ആരംഭത്തോ ടെ (കാർത്തിക ഞാറ്റുവേലയുടെ ഒന്നാം പാദം) ഇഞ്ചി നടാം. നടുന്നതിന് മുൻപ് ഇഞ്ചി വിത്ത് വഴി രോഗമോ കീടമോ പകരാതിരിക്കാൻ ഒരു ലിറ്റർ വെള്ള ത്തിൽ രണ്ട് മില്ലി ക്വിനാൽഫോസ്, 3ഗ്രാം മാങ്കോസെബ് എന്നീ മരുന്നുകൾ ലയിപ്പിച്ച അതിൽ വിത്തുകൾ അരമണിക്കൂർ മുക്കിയിടണം. അതിന് ശേഷം നിരത്തിയിട്ട് കാറ്റ് കൊണ്ട് ഉണങ്ങിയ ശേഷം നടാനായി ഉപയോഗിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം